# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6472 21/11/2019-ൽ മറുപടിക്ക്

## സ്കൂളുകളുടെ അദ്ധ്യയന നിലവാരം ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, വി.ഡി.സതീശൻ**<br>**,, പി.ടി. തോമസ്** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഖാദർ കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി സ്കൂൾ മാറുമ്പോൾ ഉണ്ടാകുന്ന ഭരണപരമായ സൗകര്യങ്ങൾ സ്കൂളിന്റെ അക്കാദമിക മികവിന് എപ്രകാരം വഴിയൊരുക്കുമെന്ന് വിശദമാക്കുമോ; | എ) ഒരേ കാമ്പസിൽ ഒന്നിലധികം സ്ഥാപന മേധാവികൾ വിവിധ ഡയറക്ടറേറ്റുകളിലൂടെ വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാകുമ്പോഴുണ്ടാകുന്ന സങ്കീർണ്ണതകൾ ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം സ്കൂളിലെ പൊതുവിഭവങ്ങളായ ലൈബ്രറി, ലബോറട്ടറി തുടങ്ങിയവ എല്ലാ കുട്ടികൾക്കും ഉപയോഗിക്കുന്നതിനുള്ള അവസരം ലഭ്യമാകും. ഹൈസ്കൂളിലെ മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഹയർസെക്കന്ററിക്കും, ഹയർ സെക്കന്ററിയുടേത് ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങൾക്കും ഉപയോഗിക്കാൻ കഴിയും. കൂടാതെ മികച്ച അദ്ധ്യാപകരുടെ സേവനം എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കാനും കഴിയും. സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ 1-12 വരെയുള്ള ക്ലാസ്സുകളെ ഒരു യൂണിറ്റായി പരിഗണിച്ച് ആസൂത്രണം ചെയ്യുന്നതിനും തുടർച്ച ഉറപ്പ് വരുത്തുന്നതിനും, സ്ഥാപന മേധാവികൾക്ക് സ്കൂളിനെ സമഗ്രമായി കണ്ടുകൊണ്ടുള്ള സ്കൂൾ മാനേജ്മെന്റ് സംവിധാനങ്ങൾ വളർത്തിയെടുക്കുവാനും സാധിക്കും. |
| ബി) സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടി 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ സ്കൂളുകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | ബി) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ചുകോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട 141 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച 138 സ്കൂളുകളിൽ എട്ട് സ്കൂളുകൾ നിർമ്മാണം പൂർത്തിയാക്കി സ്കൂളിന് കൈമാറിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് സ്കൂളുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |

| | |
|---|---|
| സി) ഭൗതിക സാഹചര്യം ഒരുക്കുന്നതിലൂടെ അദ്ധ്യയന നിലവാരം ഉയരുകയില്ല എന്നതിനാൽ ഇതോടൊപ്പം സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | സി) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് എസ്.സി.ഇ.ആർ.ടി. ആവശ്യമായ പഠനങ്ങളും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ദേശീയ സെമിനാറും നട ത്തുകയുണ്ടായി. ജനകീയത, ആധുനികത, മാനവികത എന്നിവ ഉൾക്കൊള്ളാനും വികസിപ്പിക്കുവാനും അതുവഴി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുവാനും കഴിയും വിധം പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ചകളും പാഠ്യപദ്ധതി കാഴ്ചപ്പാടുരേഖയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. |
| ഡി) പഠനം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | ഡി) സ്കൂളിലെ സമഗ്രമായ അക്കാദമിക പ്ലാനിനകത്തുനിന്നുകൊണ്ട് ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള വിനിമയ രീതിയാണ് നിലവിൽ അവലംബിക്കുന്നത്. ഓരോ കുട്ടിയുടേയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഇതിലൂടെ കഴിയും. കൂടാതെ അറിവിന്റെ ദൃശ്യരൂപങ്ങൾ ലഭ്യമാകുന്നതിന് ഐ.സി.റ്റി. വിഭവങ്ങൾ തയ്യാറാക്കി 'സമഗ്ര' പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. 8 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ ആർ.കോഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പഠനം ആസ്വാദ്യകരമാക്കുന്നതിനും സ്വയം പഠനത്തിനും ഇതിലൂടെ കുട്ടികൾക്ക് അവസരം ലഭിക്കുന്നു. 9, 10 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ വിശകലനം നടത്തി പഠനപ്രയാസം ലഘൂകരിക്കുന്നതിനാവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. കുട്ടികൾക്ക് സ്വയം വിലയിരുത്തലിനുള്ള ചോദ്യജാലകം 'സമഗ്ര' പോർട്ടലിൽ ലഭ്യമാണ്. ഓരോ കുട്ടിയെക്കുറിച്ചും കൂടുതൽ അറിയുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും 'മെന്ററിംഗ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**